# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം.*180 06-02-2019-ൽ മറുപടിയ്ക്ക്

## നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് സമിതി

**ചോദ്യം**

ശ്രീ.വി.എസ്.ശിവകുമാർ
ശ്രീ.എം.വിൻസെന്റ്
ശ്രീ.എ.പി.അനിൽകുമാർ
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി ഏതെങ്കിലും സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ ഘടന എന്താണ്; | (എ) | കേരളീയ നവോത്ഥാനത്തിന് ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുള്ള പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും യോഗം, നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുന്നതിന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി ശ്രീ.വെള്ളാപ്പള്ളി നടേശൻ ചെയർമാനും, കെ.പി.എം.എസ് ജനറൽ സെക്രട്ടറി ശ്രീ.പുന്നല ശ്രീകുമാർ കൺവീനറുമായി നവോത്ഥാന മൂല്യ സംരക്ഷണസമിതി രൂപീകരിച്ചിരുന്നു. ശ്രീ.സി.കെ. വിദ്യാസാഗർ, ശ്രീ.ബി.രാഘവൻ (വൈസ്ചെയർമാൻമാർ),ശ്രീ.സി.ആർ. ദേവദാസ്, ശ്രീ.സി.പി.സുഗതൻ, ശ്രീ.ഇ.എൻ.ശങ്കരൻ (ജോയിന്റ് കൺവീനർമാർ) ശ്രീ.കെ.സോമപ്രസാദ് (ട്രഷറർ) എന്നിവരെ മറ്റ് ഭാരവാഹികളായി പ്രസ്തുത യോഗം തീരുമാനിച്ചിരുന്നു. |
| (ബി) | ഹിന്ദു വിഭാഗത്തിൽപ്പെട്ട സംഘടനകളെ മാത്രം ഉൾപ്പെടുത്തിയാണോ പ്രസ്തുത സമിതി രൂപീകരിച്ചത്; ഇതിൽ നിന്നും മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങളെ മാറ്റി നിർത്തിയത് ഏത് സാഹചര്യത്തിലായിരുന്നു: വ്യക്തമാക്കുമോ; | (ബി) (സി) & (ഡി) | നവോത്ഥാന മൂല്യങ്ങൾ തകർക്കുന്നതിന് ചില കേന്ദ്രങ്ങൾ ബോധപൂർവ്വമായ ശ്രമം ആരംഭിച്ച ഘട്ടത്തിൽ അതിനെ പ്രതിരോധിക്കുക എന്ന ഉദ്ദേശത്തോടെയാണ് സമിതി രൂപീകരിച്ചിട്ടുള്ളത്. നവോത്ഥാനം സംരക്ഷിക്കുന്നതിന് എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പങ്കു വഹിക്കാൻ ഉണ്ടെന്നതിനാൽ നിലവിലുള്ള സമിതി നവോത്ഥാന ആശയങ്ങളോട് യോജിപ്പുള്ള മറ്റ് വിഭാഗങ്ങളെ കൂടി ഉൾപ്പെടുത്തി വിപുലീകരിക്കുവാൻ സമിതിയുടെ യോഗം തീരുമാനിച്ചിട്ടുണ്ട് . നവോത്ഥാന മൂല്യ സംരക്ഷരണത്തിനായി സമിതി തുടർ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (സി) | പ്രസ്തുത സമിതി വിപുലീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങളെയാണ് പുതുതായി ഇതിൽ ഉൾക്കൊള്ളിക്കുന്നത്; | | |
| (ഡി) | നവോത്ഥാന സമിതിയിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ എന്തൊക്കെയാണ്; ഇതിന്റെ ആഭിമുഖ്യത്തിൽ ജില്ലകളിൽ ബഹുജന കൂട്ടായ്മ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| ഇ) | പ്രസ്തുത കൂട്ടായ്മയ്ക്ക് സർക്കാർ തലത്തിൽ സാമ്പത്തികം ഉൾപ്പെടെ എന്തൊക്കെ സഹായം നൽകുവാനാണ് ഉദ്ദേശിക്കുന്നത്; വിവരിക്കുമോ? | (ഇ) | നവോത്ഥാന മൂല്യസംരക്ഷണ സമിതിയ്ക്ക് സർക്കാർ ധാർമ്മിക പിൻതുണ നൽകുന്നതാണ്. സാമ്പത്തിക സഹായം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ